പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.382 | 28.10.2019 ൽ മറുപടിയ്ക്ക്

സപ്ലൈകോയ്ക്കും കൺസ്യൂമർഫെഡിനും അനുവദിച്ച തുക

ചോദ്യം
ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന പിടിച്ചുനിർത്തുന്നതിന് സപ്ലൈകോയ്ക്കും കൺസ്യൂമർഫെഡിനും 2019-20 ലെ ബഡ്ജറ്റിൽ എത്ര കോടി രൂപ വീതമാണ് വകയിരുത്തിയതെന്ന് വിശദമാക്കാമോ; | (എ) | 2019-20 ബഡ്ജറ്റിൽ വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി സപ്ലൈകോയ്ക്ക് 150 കോടി രൂപയും കൺസ്യൂമർഫെഡിന് നോൺ പ്ലാൻ ഇനത്തിൽ 100 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. |
| (ബി) | 2017-18 ലെ ബഡ്ജറ്റ് വിഹിതത്തെക്കാൾ കുറഞ്ഞ തുക 2018-19 ലെ ബഡ്ജറ്റിൽ സപ്ലൈകോയ്ക്കും കൺസ്യൂമർഫെഡിനും വകയിരുത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (ബി) | 2017-18 ലെ ബഡ്ജറ്റ് വിഹിതത്തെക്കാൾ കൂടിയ തുകയാണ് 2018-19 ലെ ബഡ്ജറ്റിൽ സപ്ലൈകോയ്ക്കും കൺസ്യൂമർഫെഡിനും വകയിരുത്തിയിട്ടുള്ളത്. |
| (സി) | കഴിഞ്ഞ മൂന്ന് വർഷം, സപ്ലൈകോയും കൺസ്യൂമർഫെഡും ബഡ്ജറ്റ് പ്രകാരം അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം അറിയിക്കാമോ? | (സി) | കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലും വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി സപ്ലൈകോയ്ക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.<br><br>കൺസ്യൂമർഫെഡ് 2016-17 ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായും വിനിയോഗിച്ചി ട്ടുണ്ട്. 2017-18 ലെ ബഡ്ജറ്റിൽ വകയിരുത്തിയ 60 കോടി രൂപയിൽ 52 കോടി രൂപയും, 2018-19 ലെ ബഡ്ജറ്റിൽ വകയിരുത്തിയ 100 കോടി രൂപയിൽ 67.66 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്. ചന്തകളുടെ എണ്ണം പരിമിതപ്പെടുത്തിയതിനാലാണ് തുക പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്തത്. |

സെക്ഷൻ ഓഫീസർ